**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1842** **08-10-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽപാതയുടെ നിർമ്മാണത്തിനായി വിദേശ വായ്പയായി സമാഹരിക്കുന്ന മുപ്പത്തിമൂവായിരം കോടി രൂപയ്ക്ക് പുറമേ വേണ്ടിവരുന്ന തുക എപ്രകാരമാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് സിൽവർ ലൈൻ പദ്ധതിക്കായി 63,941 കോടി രൂപയാണ് ആവശ്യമായി വരിക. ഇതിൽ തിരുവനന്തപുരം - കാസർകോട് അതിവേഗ റെയിൽപാതയുടെ നിർമ്മാണത്തിനായി വിദേശ വായ്പയായി സമാഹരിക്കുന്ന മുപ്പത്തിമൂവായിരം കോടി രൂപയ്ക്ക് പുറമേ 2150 കോടി രൂപയാണ് റെയിൽവേ വിഹിതമായി വരിക. 975 കോടി രൂപ റെയിൽവേ ഭൂമിയുടെ വിലയാണ്. സംസ്ഥാന സർക്കാർ 3253 കോടി രൂപയാണ് വഹിക്കുക. 4252 കോടി രൂപ പൊതുജന ഓഹരി പങ്കാളിത്തത്തിലൂടെ സമാഹരിക്കും. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ 13,265 കോടി രൂപയ്ക്കായി ഹഡ്കോ, കിഫ്ബി, ഐ.ആർ.എഫ്.സി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുമാണ് തുക സമാഹരിക്കുന്നത്. നിലവിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കേരളത്തിൽ വിവിധ തലങ്ങളിലുള്ള ധനസമാഹരണത്തിലൂടെ സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമാക്കാനാവുന്ന സാഹചര്യമാണ്. ഇതു സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. കണ്ണൂർ, കൊച്ചി, വിമാനത്താവള വികസനമാതൃകയിൽ പൊതുജനനിക്ഷേപവും കൊണ്ടുവരാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് 2100 കോടി രൂപ കിഫ്ബിയിൽ നിന്ന് വായ്പ എടുക്കുവാനും അതിനായി എസ്.പി.വി ആയി കെ.ആർ.ഡി.സി.എല്ലിനെ തീരുമാനിച്ചും ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് സാധ്യതാപഠനം പൂർത്തീകരിച്ചിട്ടുണ്ടോ; പഠന റിപ്പോർട്ട് ലഭ്യമാക്കാമോ; | (ബി) | പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് പൂർത്തിയാക്കുകയും ടി റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് റെയിൽവേ ബോർഡിനു സമർപ്പിക്കുകയും സിൽവർലൈൻ പദ്ധതിക്കു പ്രീ ഇൻവസ്റ്റ്മെന്റ് ആക്ടിവിറ്റീസ് |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. |
| (സി) | പ്രസ്തുത പദ്ധതി ഒരു പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ് പ്രോജക്ട് ആയി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | സിൽവർലൈൻ പദ്ധതി ഒരു പബ്ലിക്ക്-പ്രൈവറ്റ് പാർട്ണർഷിപ്പ് പ്രോജക്ട് ആയി മാറ്റുന്നതിന് ഇതുവരെ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി വേണ്ടിവരുന്ന ഓവർബ്രിഡ്ജുകളുടെ നിർമ്മാണ ചുമതല ഏത് വകുപ്പിനാണ് നൽകാൻ ഉദ്ദേശിക്കുന്നത്; അതിലേക്ക് ആവശ്യമായ തുക എപ്രകാരമാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | സിൽവർലൈൻ പദ്ധതിക്കായി വേണ്ടിവരുന്ന ഓവർബ്രിഡ്ജുകളുടെ നിർമ്മാണ ചുമതല പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള കെ.ആർ.ഡി.സി.എൽ നെ തന്നെയാണ് ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിനു വേണ്ട തുക സിൽവർലൈൻ ഡി.പി.ആർ ൽ ഉൾപ്പെട്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വിശദാംശങ്ങൾ | തുക | ശതമാനം |
|---|---|---|
| **മൂലധനം** | | |
| റെയിൽ മന്ത്രാലയം | Rs.3,125 Cr | 4.89% |
| കേരള സർക്കാർ | Rs.3,253 Cr | 5.09% |
| പബ്ലിക്ക് | Rs 4,252 Cr | 6.65%) |
| **അന്താരാഷ്ട്ര വായ്പ** | Rs.33,700 Cr | 52.70% |
| **സബോർഡിനേറ്റ് ഡബ്റ്റ്-** | | |
| കേന്ദ്ര സർക്കാർ (നികുതി ഇളവ്) | Rs.3189 Cr | 4.99% |
| കേരള സർക്കാർ (നികുതി ഇളവ്) | Rs.2896 Cr | 4.53% |
| കേരള സർക്കാർ - സ്ഥലമേറ്റെടുപ്പിനുള്ള ചിലവ് (land, EIA and R&R) - | Rs.11,837 Cr | 18.51% |
| JDA (ഭൂഉടമകൾക്കായുള്ള ഡെഫേർഡ് പെയ്മെന്റ് സ്കീം) | Rs.1,525 Cr | 2.39% |
| നിർമ്മാണ കാലഘട്ടത്തിലെ വായ്പ പലിശ കേരള സർക്കാർ | Rs.164 Cr | 0.26% |
| ആകെ | Rs. 63,941/- | 100% |

സെക്ഷൻ ഓഫീസർ